**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 117** **27.02.2017-ൽ മറുപടിയ്ക്ക്**

## വാട്ടർ മെട്രോ പദ്ധതി നടപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചിയിലെ പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | കൊച്ചി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളിലെയും കിഴക്കൻ പ്രദേശത്തെ ചമ്പക്കര കനാലിന്റെ കരകളെയും ഉൾപ്പെടുത്തി വിവിധ ഗതാഗതമാർഗ്ഗങ്ങൾ ബന്ധിപ്പിച്ച് നടപ്പാക്കുന്ന സംയോജിത ഗതാഗത പദ്ധതിയുടെ ഭാഗമാണ് കൊച്ചി വാട്ടർ മെട്രോ. ഡിപിആർ പ്രകാരമുള്ള മൊത്തം പദ്ധതി ചെലവായ 747.28 കോടി രൂപയിൽ 579.71 കോടി രൂപ (85 മില്യൺ യൂറോ) ജർമൻ ധനകാര്യസ്ഥാപനമായ കെ.എഫ്.ഡബ്ല്യു-ൽ നിന്നും ദീർഘകാല വായ്പയായി ലഭിക്കാൻ ധാരണയായിട്ടുണ്ട്. 102.30 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്. 65.27 കോടി രൂപ പിന്നീട് അനുയോജ്യമായ പൊതുസ്വകാര്യ പങ്കാളിത്തം വഴി കണ്ടെത്തും. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2016 ജൂലൈ 23-ാം തീയതി നിർവ്വഹിച്ചു. പ്ലാനിംഗും ഡിസൈനിംഗും ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | നിർദ്ദിഷ്ട പദ്ധതിയുടെ റൂട്ടുകൾ ഏതെല്ലാമാണെന്നും ബോട്ട് ജെട്ടികൾ എവിടെയെല്ലാമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ; | (ബി) | ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR) പ്രകാരം 16 റൂട്ടുകളും 38 ബോട്ട്ജെട്ടികളുടെ പുനരുദ്ധാരണവും 78 ആധുനിക ബോട്ടുകളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ പ്രായോഗിക സാദ്ധ്യതകൾ അവസാന വിശകലനത്തിലാണ്. ഡി.പി.ആർ പ്രകാരമുള്ള റൂട്ടുകളും ജെട്ടികളും അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പശ്ചിമ കൊച്ചിയിലെ യാത്രാക്ലേശം കണക്കിലെടുത്ത് മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തോപ്പുംപടി, ചെല്ലാനം, കുമ്പളങ്ങി, പെരുമ്പടപ്പ്, പള്ളുരുത്തി, ഇടക്കൊച്ചി തുടങ്ങിയ പ്രദേശങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | (സി) | പശ്ചിമ കൊച്ചിയിലെ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തോപ്പുംപടി, ഇടക്കൊച്ചി പ്രദേശങ്ങൾ പദ്ധതിയുടെ ഭാഗമാണ്. ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്ന പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് പ്രദേശങ്ങളുടെ സാദ്ധ്യത കൂടി പരിശോധിക്കാവുന്നതാണ്. |
| (ഡി) | വാട്ടർ മെട്രോ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യഘട്ടം പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**<u>ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന ബോട്ട് ജെട്ടികളുടെ പട്ടിക താഴെവിവരിച്ചിരിക്കുന്നു.</u>**

| Sl. No. | Jetty Names |
|---|---|
| 1 | സൗത്ത് ചിറ്റൂർ |
| 2 | മുളവുകാട് പഞ്ചായത്ത് |
| 3 | എറണാകുളം |
| 4 | തേവര |
| 5 | കുമ്പളം |
| 6 | എംബാർക്കേഷൻ |
| 7 | ഫോർട്ട് കൊച്ചി |
| 8 | വൈപ്പിൻ |
| 9 | മട്ടാഞ്ചേരി |
| 10 | ഹൈക്കോർട്ട് |
| 11 | വൈറ്റില |
| 12 | കാക്കനാട് |
| 13 | പിഴല |
| 14 | കോതാട് |
| 15 | ചെന്നൂർ |
| 16 | എളംകുന്നപ്പുഴ |
| 17 | വരാപ്പുഴ |
| 18 | കടമക്കുടി |
| 19 | പൊന്നാരിമംഗലം |
| 20 | താന്തോന്നിത്തുരുത്ത് |
| 21 | ഇടക്കൊച്ചി |
| 22 | ബോൾഗാട്ടി |
| 23 | മുളവുകാട് ഹോസ്പിറ്റൽ |
| 24 | കൊറുങ്കോട്ട |
| 25 | മുളവുകാട് നോർത്ത് |
| 26 | ഏരൂർ |
| 27 | ഇൻഫോപാർക്ക് |
| 28 | നെട്ടൂർ |

| | |
|---|---|
| 29 | തൈക്കൂടം |
| 30 | മൂലമ്പിള്ളി |
| 31 | തോപ്പുംപടി |
| 32 | തുണ്ടത്തുംകടവ് |
| 33 | ഏലൂർ |
| 34 | ചേരാനല്ലൂർ |
| 35 | പാലിയംതുരുത്ത് |
| 36 | ചാരിയംതുരുത്ത് |
| 37 | ആസ്റ്റർ മെഡിസിറ്റി |
| 38 | അമൃത ഹോസ്പിറ്റൽ |

## ഡി.പി.ആർ പ്രകാരമുള്ള റൂട്ടുകളുടെ പട്ടിക

| Route No. | Origin | Destination |
|---|---|---|
| 1 | സൗത്ത് ചിറ്റൂർ | എറണാകുളം |
| 2 | ഇടക്കൊച്ചി | തേവര |
| 3 | എറണാകുളം | വൈപ്പിൻ |
| 4 | എറണാകുളം | മട്ടാഞ്ചേരി |
| 5 | ഹൈക്കോർട്ട് | മുളവുകാട് |
| 6 | വൈറ്റില | ഇൻഫോപാർക്ക് |
| 7 | കമ്പളം | തേവര |
| 8 | ഇൻഫോപാർക്ക് | ഇടക്കൊച്ചി |
| 9 | മുളവുകാട് | സൗത്ത് ചിറ്റൂർ |
| 10 | ഇടക്കൊച്ചി | വൈപ്പിൻ |
| 11 | സൗത്ത് ചിറ്റൂർ | ചേരാനല്ലൂർ |
| 12 | എളംകുന്നപ്പുഴ | ഹൈക്കോർട്ട് |
| 13 | കടമക്കുടി | പാലിയംതുരുത്ത് |
| 14 | ചെന്നൂർ | തുണ്ടത്തുംകടവ് |
| 15 | ചാരിയംതുരുത്ത് | ചെന്നൂർ |
| 16 | കോതാട് | അമൃത ഹോസ്പിറ്റൽ |